# കീരി



• ഷാക്കിർ തോട്ടിക്കൽ

ഹെർപെസ്റ്റിഡെ കുടുംബത്തിൽപെട്ട കീരികൾ ഇന്ത്യ, പാക്കിസ്ഥാൻ, നേപ്പാൾ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിലാണ് കാണപ്പെടുന്നത്. മനുഷ്യവാസമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ഇവ മാളങ്ങളിലും പാറയിടുക്കുകളിലുമാണ് വസിക്കുന്നത്.

ചാര നിറത്തിലും ഇടത്തരം വലിപ്പത്തിലുള്ളതുമായ ഒരു സസ്തനിയാണ് കീരി. ഇവയുടെ ശരീരത്തിന്റെ അടിഭാഗം മഞ്ഞനിറത്തിലും മുകൾ ഭാഗം ചാര നിറത്തിലുമാണ്. ഇരുണ്ടകാലുകൾ, വാലിന്റെ അറ്റത്തായി ചുവപ്പ് നിറം എന്നിവയും ഇവയുടെ പ്രത്യേകതയാണ്. ആൺ കീരികൾക്ക് പെൺ കീരികളേക്കാൾ വലിപ്പമുണ്ടാവും.

| | |
|---|---|
| ശാസ്ത്രീയ നാമം: | ഹെർപെസ്റ്റസ് എഡ്വാർഡ്സി |
| ജീവിത കാലയളവ് | 8 വർഷം |
| തൂക്കം | 2 kg |
| സ്പീഡ് | 30 km/h |

മറ്റ് സസ്തനികളെ അപേക്ഷിച്ച് ഇവയ്ക്ക് നിറങ്ങൾ തിരിച്ചറിയാനുള്ള കഴിവ് കൂടുതലാണ്.

എലികൾ, പാമ്പുകൾ തുടങ്ങിയവയാണ് ഇവയുടെ പ്രധാന ഭക്ഷണം. മണം പിടിച്ചാണ് ഇവ ഇര പിടിക്കുന്നത്. ഇരയെ തെരഞ്ഞു പിടിക്കുന്നതിൽ ഇവർ കേമൻമാരാണ്. ഇവയുടെ വർഗശത്രുക്കളായാണ് പാമ്പുകളെ കണക്കാക്കുന്നത്. അത്യധികം ചലന ശേഷിയുള്ള ജീവിയാണ് കീരി. പാമ്പുമായി നേരിടേണ്ടി വരുന്ന അവസരങ്ങളിൽ ഇവയുടെ ശരീരത്തിൽ രോമങ്ങൾ എഴുന്ന് നിൽക്കുന്നതിനാൽ പലപ്പോഴും പാമ്പിന്റെ കടിയേൽക്കാറില്ല. മാത്രമല്ല കടിയേറ്റാലും പാമ്പ് വിഷത്തിനെ പ്രതിരോധിക്കുന്ന അസറ്റർ കൊളിൻ എന്ന റിസപ്റ്റർ ഉള്ളതിനാൽ കീരികൾ ചാകില്ല. •

▸▸ എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ സ്ഥാപിതമായ ആദ്യ സംസ്ഥാനം– ഗോവ